**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം -ചെങ്ങന്നൂർ ബ്ലോക്കിലെ ബുധനൂർ ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകൾ - ശ്രീ.പി.വിജയകുമാർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ശ്രീ.ജോർജ് പണിക്കർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ( ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ശ്രീമതി.വി.ആർ.രാധാമണി അമ്മ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം), ബ്ലോക്ക് പഞ്ചായത്ത്, ചെങ്ങന്നൂർ, ശ്രീ.കെ.എസ്.ദിനേശൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ, ശ്രീമതി.കെ.എൻ.രമാദേവി, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ശ്രീ.കെ.കെ.വിശ്വംഭരൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക് എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി-തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.3750/2015/തസ്വഭവ.** **തിരുവനന്തപുരം, തീയതി:** 16.12.2015

---

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.11.2012ലെ E4(QV 05/11/ALP) 28785/2011 നമ്പർ കത്ത്.

2. ശ്രീ.പി.വിജയകുമാർ, എക്സ്റ്റൻഷൻ ഓഫീസർ(എച്ച്), ശ്രീ.ജോർജ് പണിക്കർ, എക്സ്റ്റൻഷൻ ഓഫീസർ(എച്ച്), ശ്രീമതി.വി.ആർ.രാധാമണി അമ്മ, എക്സ്റ്റൻഷൻ ഓഫീസർ(എച്ച്), ശ്രീ.കെ.എസ്.ദിനേശൻ, ബി.ഡി.ഒ, ശ്രീമതി.കെ.എൻ.രമാദേവി, ബി.ഡി.ഒ, ശ്രീ.കെ.കെ.വിശ്വംഭരൻ, ബി.ഡി.ഒ ശ്രീ.സോമനാഥ്, വി.ഇ.ഒ, ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,ചെങ്ങന്നൂർ എന്നിവർക്കെതിരെയുള്ള 25.05.2013ലെ 22368/ഇആർബി3//2013/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ശ്രീ.പി.വിജയകുമാർ, ശ്രീ.ജോർജ് പണിക്കർ, ശ്രീമതി.വി.ആർ.രാധാമണിയമ്മ, ശ്രീ.കെ.എസ്.ദിനേശൻ, ശ്രീമതി.കെ.എൻ.രമാദേവി, ശ്രീ.കെ.കെ.വിശ്വംഭരൻ, എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 28.03.2015ലെ 11163/എസ്റ്റാഎ2/13/സിആർഡി നമ്പർ കത്തും, ശ്രീ.ഉണ്ണികൃഷ്ണൻ നായർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും.

**<u>ഉത്തരവ്</u>**

ചെങ്ങന്നൂർ ബ്ലോക്കിലെ ബുധനൂർ ഗ്രാമപഞ്ചായത്തിൽ IAY, EMS ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയത് സംബന്ധിച്ചുള്ള ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ, അനർഹരായവർക്കും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും

ധനസഹായം നൽകിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആ കാലയളവിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.പി.വിജയകുമാർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ശ്രീ.ജോർജ്ജ് പണിക്കർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ( ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ശ്രീമതി.വി.ആർ.രാധാമണി അഡീ. എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം), ബ്ലോക്ക് പഞ്ചായത്ത്, ചെങ്ങന്നൂർ, ശ്രീ.കെ.എസ്.ദിനേശൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക്, ശ്രീമതി.കെ.എൻ.രമാദേവി, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക് ശ്രീ.കെ.കെ.വിശ്വംഭരൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക്, ശ്രീ.സോമനാഥ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ആയതിന് ടി ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം അവരുടെ പ്രതിവാദപത്രികകൾ സമർപ്പിക്കുകയുണ്ടായി.

ശ്രീ.വിജയകുമാർ. സമർപ്പിച്ച പ്രതിവാദപത്രികയിൽ, ചെങ്ങന്നൂർ ബ്ലോക്കിൽ പെട്ട ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.02.2009ൽ അയച്ചു തന്ന 60 പട്ടികജാതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ക്രമനമ്പർ 47 പ്രകാരം ഉൾപ്പെട്ടത്തിനിട്ടുള്ള ആളാണ് ശ്രീ.സുധാകരൻ വലിയതറയിൽ എന്നും ഐ.എ.വൈ. മാനദണ്ഡം അനുസരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട കുടുംബത്തിലെ സ്ത്രീകളുടെ പേരിലാണ് വീടുകൾ അനുവദിച്ചു നൽകുന്നതെന്നും ഈ കാരണത്താലാണ് ശ്രീ.സുധാകരന്റെ ഭാര്യ ശ്രീമതി.കൃഷ്ണമ്മയുടെ പേരിൽ 2009-10 വർഷം ഐ.എ.വൈ ഭവന പദ്ധതിയിൽ വീട് അനുവദിച്ചു നൽകിയതെന്നും ശ്രീമതി.കൃഷ്ണമ്മ 2009 മേയ് മാസം 29-ാം തീയതി ചെങ്ങന്നൂർ ബ്ലോക്ക് ഡവലപ് മെന്റ് ആഫീസർ മുമ്പാകെ കരാർ വയ്ക്കുകയും അന്നു തന്നെ 10,000/- രൂപ ചെക്ക് നമ്പർ 452754 പ്രകാരം ഒന്നാം ഗഡുവായി നൽകുകയും ചെയ്തിട്ടുള്ളതാണെന്നും ഇതിൽ പക്ഷാഭേദം, ക്രമക്കേട് എന്നിവ നടന്നിട്ടില്ലെന്നും സത്യസന്ധമായ കാര്യങ്ങളാണ് താൻ ചെയ്തിട്ടുള്ളതെന്നും, ആയതിനാൽ തന്നെ ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

ശ്രീ.ജോർജ്ജ് പണിക്കർ ജോലിയിൽ പ്രവേശിച്ചത് 25.07.2011-ലാണെന്നും, ശ്രീമതി.പ്രസന്നകുമാരി ഐ.എ.വൈ. പദ്ധതി പ്രകാരം ആദ്യ ഗഡു തുക കൈപ്പറ്റിയത് 12.09.2010-ലാണെന്നും,ബുധനൂർ ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ.യുടെ ശുപാർശ പ്രകാരം

25.07.2011-ൽ 35,750/- രൂപയും, 19.01.2012ൽ 12500/- രൂപയും നൽകുന്നതിനാണ് ടിയാൻ ശുപാർശ ചെയ്തിരുന്നതെന്നും, നാല് ഗഡുക്കളായി ആകെ 93,250/- രൂപ കൈപ്പറ്റിയതിനു ശേഷമാണ് വീടിന്റെ വലിപ്പം കൂട്ടിയിട്ടുള്ളതെന്നും, ശ്രീമതി.സരസമ്മയ്ക്ക്, ഗുണഭോക്താവിന്റെ വീടിന്റെ പണി ഉത്തരമട്ടം പൂർത്തീകരിച്ച എന്ന വി.ഇ.ഒ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മൂന്നാം ഗഡുവായി 15,000/- രൂപ നൽകുന്നതിന് ശുപാർശ ചെയ്തതെന്നും, ശ്രീമതി.ശാന്തമ്മയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശ പ്രകാരം കരാർ വയ്ക്കുകയും, 03.08.2011-ൽ 25,000/- രൂപ നൽകുകയും, കരാർ വയ്ക്കുന്ന സമയത്തു തന്നെ 40.ച.മീ-ൽ വിസ്തീർണ്ണം അധികരിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരുന്നതാണെന്നും എന്നാൽ ഗുണഭോക്താവ് അടിസ്ഥാനം കെട്ടിയപ്പോൾ വിസ്തീർണ്ണം അധികരിച്ചെങ്കിലും അനുവദനീയമായ പരിധിക്കുള്ളിലെ വീട് നിർമ്മാണം നടത്തുകയുള്ളൂ എന്ന് ഗുണഭോക്താവ് ബി.ഡി.ഒ.യ്ക്ക് അപേക്ഷ നൽകിയതിന്റെയും 09.02.2011-ലെ ജി.ഒ.(എംഎസ്) നമ്പർ 419/11 /എൽഎസ്.ജി.ഡി ഉത്തരവ് പ്രകാരം തറ വിസ്തീർണ്ണ പരിധി 66 ച.മീ. ആയി ഉയർത്തുകയും 12.09.2011-ൽ വീടിന്റെ ഭിത്തി മട്ടം കെട്ടി എന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ടിയാൾക്ക് 30,000/- രൂപ കൂടി നൽകാൻ ശുപാർശ ചെയ്തതെന്നും ശ്രീ.ജോർജ് പണിക്കർ തന്റെ പ്രതിവാദപത്രികയിൽ ബോധിപ്പിക്കുന്നു.

09.04.2012 മുതൽ ഹൗസിംഗ് ഓഫീസറുടെ ചുമതല വഹിച്ചിരുന്നത് ശ്രീമതി.രാധാമണി അമ്മ ആയിരുന്നെന്നും 4-ാം ഗഡുവായ 5,000/- രൂപ ശ്രീമതി.സരസമ്മയ്ക്ക് നൽകാൻ വി.ഇ.ഒ. ശ്രീ.സോമനാഥന്റെ ശുപാർശയോടെ 04.05.2012-ൽ അപേക്ഷ ലഭിച്ചിരുന്നുവെന്നും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ അപേക്ഷ കണ്ടാണ് ഹൗസിംഗ് ഓഫീസർക്ക് നൽകുന്നതെന്നും, ശ്രീമതി.സരസമ്മ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും 30.05.2011-ന് കരാർ വച്ചിരുന്നതുമാണെന്നും, മേൽക്കൂര വാർത്തിട്ടുണ്ടെന്ന് വി.ഇ.ഒ. റിപ്പോർട്ട് ചെയ്തതിനാൽ 5,000/- രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്തുവെന്നും, മുമ്പ് മൂന്ന് ഗഡുക്കൾ വി.ഇ.ഒ. ഹൗസിംഗ് ഓഫീസർ എന്നിവരുടെ ശുപാർശയോടെ അനുവദിച്ചിട്ടുള്ളതിനാൽ കൂടുതൽ അന്വേഷണം നടത്തിയില്ലായെന്നും, ഗുണഭോക്താവിന്റെ അർഹത നിശ്ചയിക്കുന്നതിൽ വി.ഇ.ഒ.യ്ക്കാണ് ഉത്തരവാദിത്വമെന്നും ശ്രീമതി.രാധാമണി അമ്മ തന്റെ പ്രതിവാദ പത്രികയിൽ ബോധിപ്പിക്കുന്നു.

ശ്രീ.കെ.എസ്.ദിനേശൻ 21.06.2010 മുതൽ 22.11.2010 വരെ 5 മാസക്കാലം ചെങ്ങന്നൂർ ബി.ഡി.ഒ. ആയിരുന്നുവെന്നും പട്ടികജാതിയിൽപ്പെട്ട ശ്രീമതി.പ്രസന്നകുമാരി, ആക്കാപ്പറമ്പിൽ, ബുധന്നൂർ എന്ന ഗുണഭോക്താവിന്റെ പേര് 2010-11 വർഷത്തെ ബുധന്നൂർ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 1-ാം നമ്പരായി ഉൾപ്പെട്ടിരുന്നുവെന്നും ഫീൽഡ് പരിശോധന, രേഖകളുടെ പരിശോധന എന്നിവ പൂർത്തിയാക്കി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഹൗസിംഗ് ഓഫീസർ എന്നിവരുടെ ശുപാർശയെ തുടർന്നാണ് 05.10.20110-ൽ വീടിന്റെ തറപ്പണി ആരംഭിക്കുന്നതിനുള്ള അഡ്വാൻസായി 15,000/- രൂപ അനുവദിച്ചതെന്നും, നിശ്ചിത അളവിൽ കൂടുതൽ വിസ്തീർണ്ണത്തിൽ അടിത്തറയുടെ പണി നടത്തിയത് തന്റെ കാലഘട്ടത്തിൽ അല്ലായിരുന്നുവെന്നും, ടി 15,000/- രൂപ മാത്രമേ ആദ്യ ഗഡുവായി ടിയാൾക്ക് അനുവദിച്ചിട്ടുള്ളൂ എന്നും ശ്രീ.കെ.എസ്.ദിനേശൻ തന്റെ പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിരുന്നു.

22.11.2010 മുതൽ 30.05.2011 വരെ ചെങ്ങന്നൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയി ശ്രീമതി.കെ.എൻ.രമാദേവി സേവനമനുഷ്ഠിക്കുമ്പോൾ ശ്രീ.പ്രസന്നകുമാരി എന്ന ഗുണഭോക്താവിന് 2-ാം ഗഡുവായി 30,000/- രൂപ 05.01.2011-ൽ അനുവദിച്ചിരുന്നുവെന്നും 19.08.2010-ൽ എ3-495/09 നമ്പർ ആമുഖ കത്തു സഹിതം ബുധന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 07.08.2010-ലെ കമ്മിറ്റിയുടെ III(c) 10-ാം നമ്പർ തീരുമാന പ്രകാരം നൽകിയ ഗ്രാമസഭ അംഗീകരിച്ച ഐ.എ.വൈ. ഗുണഭോക്തൃ ലിസ്റ്റിൽ 1-ാം ക്രമനമ്പരായി ഗുണഭോക്താവിനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മുൻഗണനകൾ മറികടന്നല്ല സഹായം നൽകിയതെന്നും ഒന്നാം ഗഡു തുക അനുവദിക്കലും കരാർ വയ്ക്കലും തനിക്ക് മുമ്പ് ചാർജ് വഹിച്ചിരുന്ന ബി.ഡി.ഒ. നടത്തിയിട്ടുള്ളതാണെന്നും, 8 പഞ്ചായത്തുകളുടെ മേൽനോട്ട ചുമതലയുള്ളബി.ഡി.ഒ. ഓരോ വീടിന്റെയും ഘട്ടങ്ങൾ നേരിട്ട് പരിശോധിക്കുക സാദ്ധ്യമല്ലെന്നും 2-ാം ഗഡു തുക അനുവദിക്കുമ്പോൾ വീടിന്റെ വിസ്തീർണ്ണം കൂട്ടി നിർമ്മിച്ചതായി ബോദ്ധ്യപ്പെട്ടിരുന്നില്ലായെന്നും ടിയാളുടെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിട്ടില്ലെന്നും ശ്രീമതി.രമാദേവി തന്റെ പ്രതിവാദ പത്രികയിൽ പറയുന്നു.

2010-11 വർഷം ഐ.എ.വൈ. ഭവന പദ്ധതി (എസ്.സി.) പ്രകാരം പ്രസന്നകുമാരി അക്കരപ്പറമ്പിൽ എന്ന വ്യക്തിക്ക് 3,4 ഗഡുക്കളായി 48250/- രൂപയും ജനറൽ വിഭാഗത്തിൽ ശ്രീമതി.സാരസമ്മയ്ക്ക് 71625/- രൂപയും അനുവദിച്ചത് ശ്രീ.കെ.കെ.വിശ്വംഭരൻ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന കാലയളവിലാണെന്നും വില്ലേജ്

എക്സ്റ്റൻഷൻ ഓഫീസർ നേരിട്ട് പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്മേൽ ഹൗസിംഗ് ഓഫീസറുടെ ശുപാർശ അനുസരിച്ചാണ് ടി തുക നൽകിയതെന്നും ഫീൽഡ് പരിശോധനയ്ക്ക് ഉത്തരവാദിത്വവും ചുമതലയുമുള്ള ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതിൽ അപാകതയില്ലായെന്നും, ശ്രീമതി.ശാന്തമ്മയ്ക്ക് ഐ.എ.വൈ. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 55,000/- രൂപ അനുവദിച്ചിരുന്നുവെന്നും, ടി ഗുണഭോക്താവിന് ഓഫീസിൽ നിന്നും തുക അനുവദിച്ചതിനു ശേഷവും നിർദ്ദിഷ്ട അളവുകൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശം നൽകിയതിനു ശേഷവും, ടിയാൾ അധികരിച്ച് പണി നടത്തുകയോ ടി വീടിന്റെ തുടർ പണികൾ മുടങ്ങുകയോ ചെയ്തിട്ടില്ലെന്നും, ടിയാളുടെ ഭാഗത്തു നിന്നും വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നും ശ്രീ.വിശ്വംഭരൻ തന്റെ പ്രതിവാദപത്രികയിൽ പറയുന്നു.

മേൽ പ്രതിവാദ പത്രികകളിന്മേൽ ഗ്രാമവികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ ശ്രീ.ഉണ്ണികൃഷ്ണൻ നായർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി.കൃഷ്ണമ്മ എന്ന ഗുണഭോക്താവിന് സ്ഥലം വാങ്ങി നൽകിയ പദ്ധതിയുമായി ഹൗസിംഗ് ഓഫീസറായ ശ്രീ.പി.വിജയകുമാറിന് ബന്ധമില്ലാത്തതാണെന്നും, പ്രസ്തുത പദ്ധതിയുടെ ചുമതല ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥൻ [illegible] ശ്രീ.സോമനാഥനായിരുന്നുവെന്നും 11.02.2009ലെ ബി-115/17-ാം നമ്പരായുള്ള ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിനോടൊപ്പം ബുധനൂർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു നൽകിയ ഭവന രഹിത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ 47-ാം നമ്പരായി ടി ഗുണഭോക്താവ് കൃഷ്ണമ്മയുടെ ഭർത്താവ് സുധാകരന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൻ കീഴിൽ ഭൂമി വാങ്ങി നൽകിയതിനാൽ ടിയാൾക്ക് ഐ.എ.വൈ.ധനസഹായം ഭവന നിർമ്മാണത്തിന് അനുവദിക്കാൻ ശുപാർശ നൽകിയ ഹൗസിംഗ് ഓഫീസറുടെ നടപടി ക്രമക്കേടായി കരുതാനാവില്ലെന്നും ടി 10,000/- രൂപ വാങ്ങിയിട്ട് തുടർ പണികൾ ചെയ്യാതെ ധനം ദുർവിനിയോഗം ചെയ്ത ടി ഗുണഭോക്താവിൽ നിന്ന് ടി തുക പലിശ സഹിതം ഈടാക്കിയെടുക്കുവാൻ റവന്യൂ റിക്കവറി പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ.പി.വിജയകുമാറിനെതിരെയുള്ള നടപടി ഒഴിവാക്കണമെന്ന് അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് മുമ്പ് നൽകിയ രണ്ട് ലിസ്റ്റുകളിലെയും ഗുണഭോക്താക്കളെ പരിഗണിക്കുകയും, ഭൂരിഭാഗം പേർക്കും സഹായം അനുവദിച്ചു കഴിഞ്ഞതുമാണ് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനു ശേഷമാണ് ശ്രീമതി.പ്രസന്നകുമാരിക്ക് ധനസഹായം നൽകിയിട്ടുള്ളതെന്നും ശ്രീമതി.സരസമ്മയ്ക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രാഥമിക ഘട്ടത്തിൽ പരിശോധന നടത്തിയതിൽ ശ്രീ.ജോർജ്ജ് പണിക്കർക്ക് പങ്ക് ഇല്ലാത്തതാണെന്നും 29.09.2011-ൽ മൂന്നാം ഗഡുവായി 15,000/- രൂപ അനുവദിക്കുന്നതിന് ശുപാർശ നൽകിയത് ശ്രീ.ജോർജ്ജ് പണിക്കരാണെന്നും മുമ്പ് 2 ഗഡുക്കളും തന്റെ മുൻഗാമികൾ കൊടുത്തതിനാലാകണം മൂന്നാം ഗഡുവിന് ടിയാൻ ശുപാർശ ചെയ്തതെന്നും എന്നാൽ രേഖകൾ കൃത്യമായി പരിശോധിച്ചിരുന്നുവെങ്കിൽ ഹാജരാക്കിയ രേഖകളിലെ ഭൂമി സംബന്ധമായ സർവ്വേ നമ്പരുകളിലെ വ്യത്യാസം, ഭൂമിയുടെ വിസ്തീർണ്ണത്തിലുള്ള വ്യത്യാസം എന്നിവ കണ്ടു പിടിക്കാമായിരുന്നുവെന്നും ഗഡുക്കൾ അനുവദിക്കുമ്പോൾ കൂടുതൽ ജാഗ്രത വി.ഇ.ഒ.യും ഹൗസിംഗ് ഓഫീസറും കാണിക്കേണ്ടതായിരുന്നുവെന്നും എങ്കിലും 2 ഗഡുക്കൾ നൽകിക്കഴിഞ്ഞതിനാൽ തുടർ ഗഡുക്കൾ നൽകുന്നതിന് സംശയങ്ങൾ ഉന്നയിക്കേണ്ട സാഹചര്യമില്ലായിരുന്നുവെന്നും ഇക്കാര്യത്തിൽ ശ്രീ.ജോർജ്ജ് പണിക്കരുടെ ഭാഗത്തു നിന്നും മനപൂർവ്വം വീഴ്ചയോ ക്രമക്കേടോ ഉണ്ടായിട്ടില്ലെന്നും, ശ്രീമതി.ശാന്തമ്മ എന്ന ഗുണഭോക്താവിന്റെ കാര്യത്തിൽ ഗുണഭോക്താവിന്റെ തന്നെ വീഴ്ച കൊണ്ടാണ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോയതെന്നും ആകെ അടിത്തറ വിസ്തീർണ്ണം ഇപ്പോഴത്തെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള $66M^2$ പരിധിക്കുള്ളിലാണെന്നും എന്നാൽ നേരത്തെ ഉണ്ടായിരുന്ന വ്യവസ്ഥ പാലിക്കാതെ അടിത്തറ കെട്ടിയതിനാലും നിർമ്മാണം പൂർത്തിയാക്കാത്തതിനാലും ടിയാൾ കൈപ്പറ്റിയ തുകയായ 55,000/- രൂപ പലിശ സഹിതം തിരിച്ചു പിടിക്കാൻ കത്ത് നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി ആരോപണവും ശ്രീ.ജോർജ്ജ് പണിക്കരുടെ ഭാഗത്തുള്ള മനപൂർവ്വമായ ക്രമക്കേടായി കണക്കാക്കാനാവില്ല എന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

ശ്രീമതി.രാധാമണി അമ്മ, ശ്രീമതി.സരസമ്മ എന്ന ഗുണഭോക്താവിന് അവസാന ഗഡുവായ 5000/- രൂപ കൊടുക്കുവാൻ മാത്രമാണ് ശുപാർശ ചെയ്തിട്ടുള്ളതെന്നും ആ സമയത്തു മാത്രമെ ടിയാൾ ഹൗസിംഗ് ഓഫീസറുടെ ചുമതല വഹിച്ചിരുന്നുള്ളുവെന്നും മുൻ ഗഡുക്കൾ കൊടുത്തതു കൊണ്ടും വി.ഇ.ഒ.യുടെ ശുപാർശ ഉണ്ടായിരുന്നതു കൊണ്ടുമാണ് അവസാന ഗഡു നൽകിയതെങ്കിലും രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കാൻ ഹൗസിംഗ് ഓഫീസർക്ക്

ബാദ്ധ്യതയുണ്ടെന്നും അവസാന ഗഡു നൽകുമ്പോൾ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് ഫീൽഡ് പരിശോധനയിലൂടെ ഉറപ്പ് വരുത്തേണ്ടതും ഹൗസിംഗ് ഓഫീസറുടെ ചുമതലയാണെന്നും രേഖകൾ കൃത്യമായി പരിശോധിച്ചിരുന്നുവെങ്കിൽ വീട്ടു പേരുകളിലെ വ്യത്യാസം, കരമൊടുക്ക് രസീത്, കൈവശാവകാശ രേഖ, അപേക്ഷയിൽ കാണിച്ചിട്ടുള്ള വസ്തുവിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവയിലെ പൊരുത്തക്കേടുകൾ കണ്ടുപിടിക്കാൻ കഴിയുമായിരുന്നുവെന്നും, ഫയലിലെ വിവരങ്ങൾ കൃത്യമായി പരിശോധിച്ചും ഫീൽഡ് പരിശോധന നടത്തിയുമാണ് ഹൗസിംഗ് ഓഫീസർ തുക അനുവദിക്കാൻ ശുപാർശ ചെയ്യേണ്ടതെന്നും, ഇക്കാര്യത്തിൽ ശ്രീമതി.രാധാമണി അമ്മയുടെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും മുൻ ഗഡുക്കൾ നൽകിയതു വിശ്വസിച്ച ടിയാളുടെ നടപടി മനപൂർവ്വമല്ലാത്തതിനാലും, ധന നഷ്ടത്തിന് റവന്യൂ റിക്കവറി പ്രകാരം ഗുണഭോക്താവിനെതിരെ നടപടി സ്വീകരിച്ചിരുന്ന സാഹചര്യത്തിലും ടിയാൾക്കെതിരെ കർശന നടപടികൾ ഒഴിവാക്കാവുന്നതാണെന്നും അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 07.08.2010-ലെ III(C) 10-ാം നമ്പർ തീരുമാന പ്രകാരം നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പരിഗണിച്ച് ലിസ്റ്റിലെ 1-ാം പേരുകാരിയായ പ്രസന്നകുമാരിക്ക് ഐ.എ.വൈ. ധനസഹായം അനുവദിക്കാനുള്ള ശ്രീ.കെ.എസ്.ദിനേശൻ, ശ്രീമതി.കെ.എൻ.രമാദേവി എന്നീ ബി.ഡി.ഒ.മാരുടെ തീരുമാനം ദുരുദ്ദേശപരമല്ലെന്നും ഗ്രാമപഞ്ചായത്ത് മുമ്പ് നൽകിയ രണ്ട് ലിസ്റ്റുകളിലെയും ഗുണഭോക്താക്കളെ പരിഗണിക്കുകയും ഭൂരിഭാഗം പേർക്കും സഹായം അനുവദിച്ചു കഴിഞ്ഞുമാണ് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ട് പ്രസന്നകുമാരിയ്ക്ക് സഹായം നൽകിയിട്ടുള്ളതെന്നും ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ടിയാൾ മറ്റു തരത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും, ടി വീടിന്റെ അടിത്തറ കെട്ടുന്നതിന് ബി.ഡി.ഒ. ആയിരുന്ന ശ്രീ.ദിനേശൻ ആദ്യ ഗഡുവായി 15,000/- രൂപ അനുവദിച്ചതെങ്കിലും ആ സമയം അടിത്തറയുടെ വിസ്തീർണ്ണം അനുവദനീയമായ പരിധിയിൽ ആയിരുന്നുവെന്നും, വീടിന്റെ അനുവദനീയമായ വിസ്തീർണ്ണ പരിധി ഇപ്പോൾ 66M$^2$ ആയി വർദ്ധിപ്പിച്ചത് പരിഗണിച്ചും ഐ.എ.വൈ. സഹായധനം ഉപയോഗിച്ച് വീട് നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ മുൻ ബി.ഡി.ഒ. ശ്രീ.ദിനേശന്റെ നടപടി മനപ്പൂർവ്വമായ ക്രമക്കേടല്ലാ എന്നും ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയ്ക്ക് ശ്രീമതി.കെ.എൻ.രമാദേവി, ബി.ഡി.ഒ.യ്ക്ക് എതിരെ നടപടിയെടുക്കേണ്ടതില്ലെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു

ശ്രീമതി.പ്രസന്നകുമാരി എന്ന ഗുണഭോക്താവിന് ഐ.എ.വൈ. ധനസഹായം അനുവദിച്ചത് ശ്രീ.കെ.കെ.വിശ്വംഭരൻ ബി.ഡി.ഒ.യുടെ ചുമതല വഹിച്ചപ്പോഴാണെന്നും, ടി ഗുണഭോക്താവിന്റെ കുടുംബം ഈ വീട്ടിൽ താമസിച്ചു വരികയാണെന്നും, വീടിന്റെ അനുവദനീയമായ വിസ്തീർണ്ണ പരിധി ഇപ്പോൾ 66M$^2$ ആയി വർദ്ധിപ്പിച്ചത് പരിഗണിച്ചും ഐ.എ.വൈ.ധനസഹായം ഉപയോഗിച്ച് വീട് നിർമ്മാണം പൂർത്തിയാക്കിയതിനാലും ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച്ച് നടപടിയെടുക്കേണ്ടതില്ലെന്നും വിവരങ്ങൾ മറച്ചുവെച്ച് അനധികൃതമായി സഹായധനം കൈപ്പറ്റിയ ശ്രീമതി.സരസമ്മയിൽ നിന്ന് ടിയാൾ വാങ്ങിയ 71,625/- രൂപ 17.06.2011 മുതൽ 12.5% പലിശ സഹിതം ഈടാക്കിയെടുക്കുവാൻ റവന്യൂ റിക്കവറി നിയമ പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് 12.11.2013-ൽ രേഖാമൂലം അപേക്ഷിച്ചിട്ടുള്ളതിനാൽ ആരോപണത്തിൽ തുടർ നടപടിയുടെ ആവശ്യം ഇല്ലായെന്നും ശ്രീമതി.ശാന്തമ്മ അഞ്ചുതെങ്ങിൽ എന്ന ഗുണഭോക്താവിൽ നിന്ന് തുക തിരിച്ചു പിടിക്കാൻ റവന്യൂ റിക്കവറി പ്രകാരം നടപടിയെടുത്ത സാഹചര്യത്തിലും രേഖകളുടെ പരിശോധന, ഫീൽഡ് പരിശോധന എന്നിവയിൽ പ്രാഥമിക ഉത്തരവാദിത്വം വി.ഇ.ഒ, ഹൗസിംഗ് ഓഫീസർ എന്നിവർക്ക് ആയതിനാലും ശ്രീ.കെ.കെ.വിശ്വംഭരൻ ബി.ഡി.ഒ.യുടെ നടപടി ദുരുദ്ദേശപരമോ ഗുരുതരമായ വീഴ്ചയോ ആയി കണക്കാക്കാനാവില്ല എന്നും അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

അച്ചടക്ക നടപടികൾ തീർപ്പു കൽപ്പിക്കുന്നതിന്റെ ഭാഗമായി 20.08.2015-ന് കുറ്റാരോപിതരായ ഉദ്യോഗസ്ഥന്മാരെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. തങ്ങൾ നൽകിയ പ്രതിവാദപത്രികകളിൽ പറഞ്ഞിട്ടുള്ളതിൽ നിന്നും കൂടുതലായി ഒന്നും പറയുവാനില്ലെന്ന് ഇവർ അറിയിക്കുകയുണ്ടായി.

കുറ്റാരോപിതരായ ഉദ്യോഗസ്ഥർ നൽകിയ പ്രതിവാദപത്രികകളുടെയും ഇത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.വിജയകുമാർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ശ്രീ.ജോർജ് പണിക്കർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ( ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ശ്രീമതി.വി.ആർ.രാധാമണി അമ്മ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം), ബ്ലോക്ക് പഞ്ചായത്ത്, ചെങ്ങന്നൂർ, ശ്രീ.കെ.എസ്.ദിനേശൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക്, ശ്രീമതി.കെ.എൻ.രമാദേവി, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ., ചെങ്ങന്നൂർ ബ്ലോക്ക്, ശ്രീ.കെ.കെ.വിശ്വംഭരൻ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,

ചെങ്ങന്നൂർ ബ്ലോക്ക് എന്നിവർ മേല്പറഞ്ഞ ക്രമക്കേടുകളിൽ പങ്കാളികളല്ല എന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.സോമനാഥ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് എന്നീ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടികൾ സംബന്ധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രത്നമ്മ.വി.

ജോയിന്റ് സെക്രട്ടറി

ശ്രീ.പി.വിജയകുമാർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ ( ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
ശ്രീ.ജോർജ് പണിക്കർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ ( ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
ശ്രീമതി.വി.ആർ.രാധാമണി അമ്മ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം), ബ്ലോക്ക് പഞ്ചായത്ത്, ചെങ്ങന്നൂർ.
ശ്രീ.കെ.എസ്.ദിനേശൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ.
ശ്രീമതി.കെ.എൻ.രമാദേവി, മുൻ ബി.ഡി.ഒ. ചെങ്ങന്നൂർ ബ്ലോക്ക്.
ശ്രീ.കെ.കെ.വിശ്വംഭരൻ, ബി.ഡി.ഒ. ചെങ്ങന്നൂർ ബ്ലോക്ക്.
} ഗ്രാമവികസന കമ്മീഷണർ (മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് (ഇ) വകുപ്പ് (07.01.2013-ലെ 15126/ഇ3/2012/വിജ്. നമ്പർ കത്ത പ്രകാരം)
കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് (ഈ വകുപ്പിന്റെ 27.04.2013 ലെ 22368/ഇആർബി3/2013/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പിന് തുടർച്ചയായി)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ